സങ്കേതവിദ്യകൾ, റോബോട്ടിക്സ്, പുതിയ വ്യാവസായിക–അസംസ്കൃത വിഭവങ്ങൾ സംബന്ധിച്ച സങ്കേതവിദ്യകൾ, ഉൽപ്പാദനസങ്കേതവിദ്യകൾ, ജൈവസങ്കേതവിദ്യ (ബയോ–ടെക്നോളജി), പരിസ്ഥിതി സംരക്ഷണം, അതിവേഗത്തിലോടുന്ന തീവണ്ടികൾ, വിമാനഗതാഗതത്തിൽ കമ്പ്യൂട്ടർനിയന്ത്രണം, അന്തരീക്ഷഗവേഷണം, ഗാർഹിക–വിനോദ ഇലക്ട്രോണിക് സംവിധാനങ്ങൾ മുതലായ രംഗങ്ങളിൽ ഗണ്യമായ സംഭാവന 'യൂരേക' നൽകുമെന്നാണ് പ്രതീക്ഷ.

ഈ ഗവേഷണപരിപാടികൾക്ക് വേണ്ടിവരുന്ന ചെലവ്, അവയിൽ പങ്കെടുക്കുന്ന വ്യവസായസ്ഥാപനങ്ങളും ഗവേഷണസ്ഥാപനങ്ങളും വഹിക്കണം. ചില പരിതഃസ്ഥിതികളിൽ ഗവണ്മെൻറുകൾ നേരിട്ടും പരിപാടികൾക്ക ധനസഹായം നൽകും. 'യൂരേക'യുടെ ആദ്യത്തെ വർഷത്തിൽ നൂറു കോടി ഫ്രാങ്ക് (നൂററമ്പതു കോടി രൂപ) ധനസഹായം നൽകാൻ ഫ്രഞ്ച് ഗവണ്മെൻറ് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. മുപ്പതു കോടി മാർക്ക് (നൂററിമുപ്പത്തെട്ടു കോടി രൂപ) സഹായം നൽകാമെന്ന് പടിഞ്ഞാറെ ജർമനിയും ഏററിരിക്കുന്നു. ബ്രിട്ടനിലെ ജി ഇ. സി., ഫ്രാൻസിലെ തോംസൻ, ജർമനിയിലെ സീമെൻസ്, ഹോളണ്ടിലെ ഫിലിപ്പ്സ് എന്നീ കൂററൻ ഇലക്ട്രോണിക്സ് കമ്പനികൾ തങ്ങളുടെ ഗവേഷണപ്രവർത്തനങ്ങൾ 'യൂരേക'യുടെ കീഴിൽ ഏകീകരിക്കുമെന്നു കരുതപ്പെടുന്നു. ദീർഘകാല അടിസ്ഥാനപദ്ധതികളേക്കാളേറെ, ഉടൻ മാർക്കററിൽ വിററഴിയുന്ന സാധനങ്ങളുടെ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള ഹ്രസ്വകാലപദ്ധതികളിലാണ് 'യൂരേക' ശ്രദ്ധിക്കുക. ചുവപ്പുനാട പരമാവധി കുറച്ചുമാത്രമുള്ളതായിരിക്കണം 'യൂരേക'യുടെ ഭരണസംവിധാനം എന്നും നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്.

ഏതായാലും, ശാസ്ത്രഗവേഷണത്തിന്റെ രംഗത്തിൽ അന്താരാഷ്ട്രീയസഹകരണത്തിന്റെ ഒരു മാതൃകയെന്ന നിലയിൽ, 'യൂരേക' പരിപാടിക്ക് അത്യധികം പ്രാധാന്യമുണ്ട്. അതിന്റെ പുരോഗതി ലോകത്തിലെങ്ങുമുള്ള വിജ്ഞാനകുതുകികൾ താത്പര്യത്തോടെ നിരീക്ഷിച്ചുകൊണ്ടിരിക്കും.

29–11–1985

## 6. എണ്ണ

പാർലമെൻറിൽ ബജററ് അവതരിപ്പിക്കുന്നതിന് ഏതാനും ദിവസംമുമ്പ് എണ്ണയടക്കം പല സാധനങ്ങളുടെയും വില ഇന്ത്യാഗവണ്മെൻറ് വർധിപ്പിച്ചതു് ഇന്ത്യയിൽ പരക്കെ അമർഷത്തിനു കാരണമായിട്ടുണ്ടല്ലോ. ലോകവിപണിയിൽ കുത്തനെ ഇടിഞ്ഞുകൊണ്ടിരുന്ന അവസരത്തിലാണ് എണ്ണയുടെ വില ഇന്ത്യയിൽ വർധിപ്പിച്ചതു് എന്ന വസ്തുത, വില വർധിപ്പിക്കാൻ ഇന്ത്യാഗവണ്മെൻറ് ഉന്നയിക്കുന്ന ന്യായങ്ങളെ തുലോം ദുർബലങ്ങളാക്കിയിട്ടുമുണ്ട്.

ലോകത്തിൽ ഏററവുമധികം എണ്ണ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങൾ സോവിയററ് യൂണിയനും അമേരിക്കയുമാകുന്നു. പക്ഷേ, വ്യവസായവത്കൃതങ്ങളായ ഈ രാജ്യങ്ങളിൽ ഉല്പാദിപ്പിക്കുന്ന എണ്ണ അതാതിടത്തെ ഉപഭോഗത്തിനുപോലും മതിയാവാത്ത നിലയാണ്. സ്വന്തം സാമ്പത്തികവലയത്തിൽപ്പെട്ട ഏതാനും രാജ്യങ്ങൾക്ക് സോവിയററ് യൂണിയൻ എണ്ണ വിൽക്കുന്നുണ്ടെന്നതു ശരിതന്നെ. എങ്കിലും, ലോകവിപ

ണിയിലെ എണ്ണവില നിയന്ത്രിച്ചുനിത്തിയിരുന്നതു് ഇറാൻ, ഇറാക്, കുവൈത്ത്, ലിബിയ, നൈജീരിയ, ഖത്തർ, സൗദി അറേബ്യ, യു. എ. ഇ., വെനെസ്വേല എന്നീ രാജ്യങ്ങൾ ചേർന്നു് 1960–ൽ രൂപവത്കരിച്ച 'പെട്രോൾ കയററുമതിചെയ്യുന്ന രാജ്യങ്ങളുടെ സംഘടന' (ഒ. പി. ഇ. സി.) ആയിരുന്നു. പിന്നീടു് അൾജീറിയ, ഇക്വഡോർ, ഗാബൺ, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങൾകൂടി ഈ സംഘടനയിൽ അംഗങ്ങളായി. 1960 മുതൽ ഈ രാജ്യങ്ങൾ ഒത്തുചേർന്നു് എണ്ണയ്ക്കു വിലകൂട്ടാൻ തുടങ്ങി. 1979–ൽ ഇറാനിൽ വിപ്ലവം നടന്നതിനെത്തുടന്നു് ലോകകമ്പോളത്തിൽ എണ്ണവില വാണംപോലെ ഉയർന്നു. സമ്പന്നങ്ങളായ മുതലാളിത്തരാജ്യങ്ങളിൽ ഈ വിലവർധനമൂലം വലിയ കുഴപ്പമുണ്ടായില്ല. മാത്രമല്ല, എണ്ണ വിററുകിട്ടിയ പണത്തിൽ വളരെ വലിയ ഒരു ഭാഗം എണ്ണയുൽപാദകരാജ്യങ്ങൾ അമേരിക്കൻ ബാങ്കുകളിൽ നിക്ഷേപിച്ചതിനാൽ അമേരിക്കയ്ക്കു് എണ്ണവിലക്കയററം നിനച്ചിരിക്കാത്ത ഒരു അനുഗ്രഹമായുംതീർന്നു. അതേസമയം, ആവശ്യമുള്ളത്ര എണ്ണ സ്വയം ഉൽപ്പാദിപ്പിക്കാത്ത ദരിദ്രരാജ്യങ്ങൾ എണ്ണവിലവർധനമൂലം കടം കയറി മുടിഞ്ഞു. പെട്രോൾ കയററുമതിചെയ്യുന്ന രാജ്യങ്ങൾ ഒരു ദാക്ഷിണ്യവുമില്ലാതെ ഈ വർഷങ്ങളിൽ എണ്ണയ്ക്കു പകരം ദരിദ്രരാജ്യങ്ങളുടെ ജീവരക്തം ഊററിയെടുത്തു കൊഴുത്തു.

വില താങ്ങാൻ കഴിയാത്തത്ര ഉയർന്നപ്പോൾ, എണ്ണയുടെ ഉപഭോഗം എല്ലാ രാജ്യക്കാരും ചുരുക്കിത്തുടങ്ങി. ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങൾ പുതിയ എണ്ണപ്പാടങ്ങൾ കണ്ടെത്തി ഏറിയോ കുറഞ്ഞോ എണ്ണ ഉല്പാദിപ്പിക്കുവാൻ ആരംഭിച്ചു. ക്രമത്തിൽ 'പെട്രോൾ കയററുമതി രാജ്യങ്ങ'ളുടെ എണ്ണയ്ക്കു് ലോകവിപണിയിൽ ആവശ്യക്കാർ കുറഞ്ഞു. വില കൃത്രിമമായി ഉയർത്തിനിത്തുന്നതിനായി ഈ രാജ്യങ്ങൾ പരസ്പരം സഹകരിച്ചു് എണ്ണയുല്പാദനം കുറച്ചുകൊണ്ടുവന്നു. എന്നാലും തമ്മിൽത്തമ്മിൽ അറിയാതെ ഈ രാജ്യങ്ങളിൽ പലതും തങ്ങൾക്കു നിശ്ചയിക്കപ്പെട്ട കോട്ടയിൽ കവിഞ്ഞു് എണ്ണയുൽപാദിപ്പിച്ചും വിററും വന്നു.

നാല്പത്തിമൂന്നുലക്ഷം ബാരൽ (വീപ്പ; ഒരു ബാരൽ—159 ലിററർ) എണ്ണ ദിവസേന ഖനനംചെയ്തു പുറത്തെടുക്കാൻ സൗദി അറേബ്യയ്ക്കു് അനുവാദമുണ്ടായിരുന്നു അന്താരാഷ്ട്രവിപണിയിൽ ഒരു ബാരൽ എണ്ണയുടെ വില മുപ്പതോ അധികമോ ഡോളറായിരുന്ന കാലത്തു്, തങ്ങൾക്കു നിശ്ചയിച്ച കോട്ടയുടെ പകുതി—ദിവസേന ഇരുപതു ലക്ഷത്തോളം ബാരൽ—എണ്ണ മാത്രമേ സൗദി അറേബ്യ ഉൽപാദിപ്പിച്ചിരുന്നുള്ളു. ലോകത്തിലെ എണ്ണയുൽപ്പാദകരിൽ മൂന്നാംസ്ഥാനമാണു് സൗദി അറേബ്യയ്ക്കുള്ളതു്.

ബ്രിട്ടീഷ് ദ്വീപുകൾക്കു വടക്കുഭാഗത്തുള്ള നോത്ത്സീയിൽ നിന്നു് ധാരാളം എണ്ണ ബ്രിട്ടൻ പമ്പുചെയ്തു് എടുക്കുന്നുണ്ടു്. തങ്ങളുടെ ആവശ്യം കഴിച്ചു് വില്ക്കാൻ കുറെയേറെ എണ്ണ നോത്ത്സീയിൽത്തന്നെ ഖനനം നടത്തുന്ന നോർവേയുടെ കൈയിലുമുണ്ടു്. ഈ രണ്ടു രാജ്യങ്ങളും വില കുറച്ചു് ലോകമാക്കററിൽ എണ്ണ വില്ക്കാൻ തുടങ്ങിയപ്പോൾ 'പെട്രോൾ കയററുമതിരാജ്യങ്ങ'ളുടെ എണ്ണയ്ക്കു് ആവശ്യക്കാർ കുറഞ്ഞു. ഇക്കഴിഞ്ഞ ഫെബ്രുവരി ആദ്യത്തിൽ ബ്രിട്ടന്റെ നോത്ത്സീ എണ്ണ ഒരു ബാരലിനു് പതിനേഴ ഡോളർ വിലയ്ക്കു് മാർക്കററിൽ കിട്ടിയിരുന്നു. കഴിഞ്ഞ നവംബറിൽ ഇത്രയും എണ്ണയുടെ വില മുപ്പതു ഡോളർ ആയിരുന്നു.

ബ്രിട്ടൻ വില താഴ്ത്തി എണ്ണ വില്ക്കാൻ തുടങ്ങിയതു് സൗദി അറേബ്യയെ പ്രകോപിപ്പിച്ചു. സൗദി അറേബ്യ എണ്ണയുല്പാദനം വർധിപ്പിച്ചു; എണ്ണവില ബാരലിനു് പതിനഞ്ചു ഡോളർ എന്നതുവരെ താഴ്ത്തി. ഇതോടെ അമേരിക്കയടക്കം മിക്ക എണ്ണരാജ്യങ്ങളിലും എണ്ണവില ഇടിഞ്ഞു. എണ്ണവില ബാരലിനു പതിമ്മൂന്നു ഡോളർവരെ താഴ്ത്താൻ

തങ്ങൾ തയ്യാറാണെന്ന് പെട്രോൾകയററുമതിരാജ്യങ്ങളിലൊന്നായ കുവൈത്തിലെ ഔദ്യോഗിക വാർത്താഏജൻസി പ്രസ്താവിച്ചു. ബാരലിന് പത്തു ഡോളർ എന്ന നിരക്കിലേക്ക് എണ്ണവില താഴുന്നുകൂടായ്കയില്ലെന്ന് ജർമ്മൻ എണ്ണവിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

എണ്ണവില കുറഞ്ഞതോടെ സൗദി അറേബ്യ വരുമാനക്കമ്മി നികത്താൻ ഉല്പാദനം വർധിപ്പിച്ചു. ഇപ്പോൾ (ഫെബ്രുവരിയിൽ) ദിവസേന നാൽപതുലക്ഷം ബാരൽ എണ്ണവീതം അവർ സംസ്കരിച്ചു പുറത്തു വിടുന്നുണ്ടത്രേ. എണ്ണക്കയററുമതിരാജ്യങ്ങൾ എല്ലാം ചേർന്ന് ദിവസേന ഒരു കോടി എൺപത്തിനാലുലക്ഷം ബാരൽ എണ്ണ ഇപ്പോൾ ഉല്പാദിപ്പിക്കുന്നു. മുമ്പ് അവർ സ്വയം നിശ്ചയിച്ചിരുന്ന ക്വോട്ടയിൽനിന്ന് ദിവസേന ഇരുപത്തിനാലു ലക്ഷം ബാരൽ കൂടുതലാണ് ഇപ്പോഴത്തെ അവരുടെ ഉൽപ്പാദനം.

ഇത്രയും എണ്ണയ്ക്ക് ഇക്കാലത്ത് ലോകത്തിൽ ആവശ്യക്കാർ ഇല്ല. ഇത്തവണ യൂറോപ്പിലും അമേരിക്കയിലും ശിശിരകാലത്ത് തണുപ്പു കുറവായിരുന്നു. അതിനാൽ, വീടുകൾ ചൂടാക്കാൻ വളരെയധികം എണ്ണ അവർക്കു കത്തിച്ചുകളയേണ്ടിവന്നില്ല. ഓരോ ദിവസവും ലോകമാർക്കററിൽ വിററഴിയുന്ന എണ്ണയേക്കാൾ കൂടുതലായി മുപ്പതു ലക്ഷം ബാരൽ എണ്ണ ഇപ്പോൾ വില്പനയ്ക്ക് വന്നുചേരുന്നുണ്ടത്രേ.

സൗദി അറേബ്യ കൂടുതൽ എണ്ണ ഉൽപാദിപ്പിച്ചു മാർക്കററിലിറക്കുന്നതാണ് ഇപ്പോഴത്തെ 'എണ്ണപ്രളയ'ത്തിനു കാരണം. മുഖ്യമായും ബ്രിട്ടന്റെ എണ്ണക്കച്ചവടം തകരാറിലാക്കുകയാണ് സൗദി അറേബ്യയുടെ ലക്ഷ്യം.

1981—ൽ ബ്രിട്ടൻ ദിവസേന പതിനെട്ടു ലക്ഷം ബാരൽ എണ്ണ ഉല്പാദിപ്പിച്ചിരുന്നു. കഴിഞ്ഞ ആണ്ടിൽ അവരുടെ പ്രതിദിന ഉൽപ്പാദനം ഇരുപത്തിയഞ്ചു ലക്ഷം ബാരൽ ആയി ഉയർന്നു. ഇപ്പോൾ ലോക എണ്ണ ഉൽപ്പാദകരിൽ നാലാം സ്ഥാനമാണ് ബ്രിട്ടനുള്ളത്. എണ്ണവില ബാരലിന് അഞ്ചു ഡോളറായി താഴ്ന്നാൽപോലും നോർത്ത്സീയിലെ ബ്രിട്ടന്റെ എണ്ണഖനനസംവിധാനങ്ങളിൽ തൊണ്ണൂററഞ്ചു ശതമാനത്തിനും പ്രവർത്തിക്കാൻ കഴിയുമത്രേ.

ഇതിനർത്ഥം ബ്രിട്ടനുമായി എണ്ണവില സംബന്ധിച്ച ഒരു മത്സരത്തിൽ എണ്ണക്കയററുമതിരാജ്യങ്ങൾ ജയിക്കാൻ വഴിയില്ലെന്നാണ്.

എണ്ണക്കയററുമതിയെ ആസ്പദിച്ചാണ് ഗൾഫ് പ്രദേശത്തിന്റെ സമൃദ്ധി. എണ്ണവില കുത്തനെ കുറഞ്ഞാൽ ഗൾഫിൽ ഇപ്പോൾ ജോലിചെയ്യുന്നവരുടെ സ്ഥിതി എന്താവും? നമ്മെ അലട്ടേണ്ട ഒരു പ്രശ്നമാണിത്.

ലോകത്തിൽ എണ്ണയുൽപ്പാദനത്തിൽ അഞ്ചാമത്തെ സ്ഥാനമാണ് ഇപ്പോൾ മെക്സിക്കോ രാജ്യത്തിന്. കടംകൊണ്ടു മുടിഞ്ഞ ഈ രാജ്യത്തിന്റെ മുഖ്യ കയററുമതി എണ്ണയാണ്. 1982 മുതൽ മെക്സിക്കോ അമേരിക്കൻ ബാങ്കുകൾക്കു കടപ്പലിശ കൊടുത്തിട്ടില്ല; കടവിഹിതം തിരിച്ചടച്ചിട്ടുമില്ല. ഒമ്പതിനായിരത്തി അറുനൂറു കോടി ഡോളറാണ് മെക്സിക്കോവിന്റെ ദേശീയകടം.

അതേസമയം എണ്ണവിലയിടിവ് മിക്ക ദരിദ്രരാജ്യങ്ങൾക്കും വലിയ അനുഗ്രഹമായിരിക്കും. ഈ രാജ്യങ്ങളിൽ വ്യവസായരംഗത്ത് കൂടുതൽ മുതൽമുടക്കുണ്ടാകുവാൻ എണ്ണവിലക്കുറവ് കാരണമാവും. ലോകവ്യാപകമായ നാണയപ്പെരുപ്പത്തിനും എണ്ണവിലക്കുറവ് ഒരളവോളം പ്രതിവിധിയായിരിക്കും. ജപ്പാൻ, ജർമ്മനി മുതലായ എണ്ണ ഇറക്കുമതി ചെയ്യുന്ന, സമ്പന്നരാജ്യങ്ങൾക്കും എണ്ണവിലക്കുറവുകൊണ്ടു വലിയ പ്രയോജനം സിദ്ധിക്കും.

ബ്രിട്ടനും നോർവേയും എണ്ണയുല്പാദനം കുറയ്ക്കുകയും, അങ്ങനെ ലോ

കമാർക്കററിൽ എണ്ണവില ഇനിയും വളരെ താഴാതെ നിലനിർത്തുകയും ചെയ്യുമെന്ന പ്രതീക്ഷയാണ് ഇപ്പോഴും എണ്ണക്കയററുമതിരാജ്യങ്ങൾക്കുള്ളതു്.

ഇക്കഴിഞ്ഞ ഒരാണ്ടിൽ ഇന്ത്യയുടെ വിദേശവ്യാപാരത്തിൽ വമ്പിച്ച കമ്മി ഉണ്ടായിട്ടുണ്ടു്. എണ്ണവിലക്കുറവു് ഇന്ത്യയെ ഈ കമ്മി നികത്താൻ കുറെയെങ്കിലും സഹായിച്ചേക്കും.

(ആധാരം: ഫെബ്രുവരി 16—ലെ ജർമൻ ട്രൈബ്യൂണിലെ ഒരു ലേഖനം.)

22—2—1986

# 7. ദക്ഷിണേഷ്യൻ പ്രാദേശിക സഹകരണ സംഘടന

മാലദ്വീപ്, ശ്രീലങ്ക, പാകിസ്ഥാൻ, ഇന്ത്യ, നേപ്പാൾ, ഭൂട്ടാൻ, ബാംഗ്ലാദേശ് എന്നീ ഏഴു രാഷ്ട്രങ്ങളുടെ തലവന്മാർ ഇക്കഴിഞ്ഞ ഡിസംബർ ഏഴ്, എട്ട് തീയതികളിൽ ബാംഗ്ലാദേശിന്റെ തലസ്ഥാനമായ ഢാക്കയിൽ സമ്മേളിച്ച്, സ്ഥിരമായി പ്രവർത്തിക്കുന്ന ഒരു 'ദക്ഷിണേഷ്യൻ പ്രാദേശിക സഹകരണ സംഘടന' (സൗത്ത് ഏഷ്യൻ അസോസ്യേഷൻ ഓഫ് റീജിയണൽ കോ—ഓപ്പറേഷൻ—സാർക്ക്) നിലവിൽ വരുത്തുവാൻ തീരുമാനിക്കുകയുണ്ടായി. ഈ സംഘടനയ്ക്കു് ഒരു സിക്രട്ടേറിയററ് ഇനി ഉണ്ടാവും. അതിന്റെ ആസ്ഥാനം നേപ്പാൾ ആവാനാണ് സാധ്യത. സംഘടനയുടെ ഇനിയത്തെ ശിഖരസമ്മേളനം അടുത്ത ആണ്ടിൽ ദില്ലിയിൽ നടക്കും.

പരമാധികാരമുള്ളവയും സ്വതന്ത്രങ്ങളും എങ്കിലും, വലിപ്പത്തിലും ജനസംഖ്യയിലും ഭരണമാതൃകയിലും സാമ്പത്തികവികസനത്തിലും അത്യന്തം വ്യത്യസ്തങ്ങളാണ് ഈ ഏഴു രാഷ്ട്രങ്ങൾ. അവയിൽ ഏററവും ചെറിയ മാലദ്വീപിൽ ഒന്നര ലക്ഷത്തോളം ജനങ്ങളേ ഉള്ളൂ. ഏററവും വലിയ ഇന്ത്യയിലാകട്ടെ എഴുപതുകോടിയിലേറെയാണ് ഇപ്പോഴത്തെ ജനസംഖ്യ. എങ്കിലും, ബ്രിട്ടീഷ് ആധിപത്യകാലത്തു്, കുറെ സമയത്തേക്കെങ്കിലും ഈ രാഷ്ട്രങ്ങളെല്ലാം ഇന്ത്യയുടെ ഭാഗങ്ങളായി പരിഗണിക്കപ്പെടുകയോ, ഭരണപരമായി ഇന്ത്യയോടു ബന്ധപ്പെടുകയോ ചെയ്തിരുന്നു. ഈ രാഷ്ട്രങ്ങൾക്കു് പൊതുവേ ഒരേ സാംസ്കാരികപൈതൃകമാണുള്ളതു്. ലോകജനതയുടെ അഞ്ചിലൊരു ഭാഗത്തോളം വരുന്ന ഈ രാഷ്ട്രങ്ങളിലെ ജനങ്ങൾ ലോകത്തിൽ ഏററവും അധികം ദാരിദ്ര്യം അനുഭവിക്കുന്നവർകൂടിയാകുന്നു. കലവറയില്ലാത്ത സഹകരണത്തിലൂടെമാത്രമേ ഈ രാഷ്ട്രങ്ങൾക്കു് സാമ്പത്തികവും വ്യാവസായികവുമായ പുരോഗതി നേടാനാവുകയുള്ളു എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ഈ പ്രദേശത്തു് സമാധാനവും സുരക്ഷിതത്വവും പുലരണമെങ്കിലും ഈ രാഷ്ട്രങ്ങൾ തമ്മിൽ സഹകരിച്ചേ മതിയാവൂ.

എങ്കിലും, നിർഭാഗ്യമെന്നു പറയട്ടെ, ഈ രാഷ്ട്രങ്ങൾക്കിടയിൽ പല പ്രശ്നങ്ങളുമുണ്ടു്. കാശ്മീരിനെച്ചൊല്ലി ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ആരംഭിച്ച തർക്കം, രണ്ടാം യുദ്ധത്തിനുശേഷമുള്ള ലോകത്തിന്റെ ചലം ഒലിക്കുന്ന വ്രണങ്ങളിലൊന്നായി ഇന്നും തുടരുന്നു. ഇന്ത്യയെ പ്രകോപിപ്പിക്കുന്നതിനുള്ള ഒരവസരവും പാകിസ്ഥാൻ വെറുതെ വിടാറില്ല.